പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 240

10.10.2011- ൽ മറുപടിക്ക്

# കയർ ഗ്രാമപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, പാലോട് രവി<br>,, എ. റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കയർ ഗ്രാമപദ്ധതിക്കുള്ള രൂപരേഖ അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; | (എ) രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല. എന്നാൽ കേരള കയറും കേരള ടൂറിസവും സംയോജിപ്പിച്ചു കൊണ്ട് ഒരു 'മോഡൽ കയർ ടൂറിസ്റ്റ് വില്ലേജ്' സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണെന്നും പ്രസ്തുത സംരംഭത്തിന് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പൂർണ്ണ സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ടൂറിസം മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട് |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും വിശദാംശങ്ങളും എന്തൊക്കെയാണ് ; | (ബി) "ദൈവത്തിന്റെ സ്വന്തം നാട്" എന്നറിയപ്പെടുന്ന കേരളത്തിന് ലോകസഞ്ചാര ഭൂപടത്തിൽ പ്രധാന സ്ഥാനമാണ് ഉള്ളത്. ഇപ്പോൾ എല്ലാസമയത്തും ഇന്ത്യക്കകത്തു നിന്നും വിദേശത്തു നിന്നുമുള്ള അനേകം സഞ്ചാരികൾ കേരളത്തിൽ സന്ദർശനത്തിനായി എത്തുന്നുണ്ട്. കേരള കയറിനെ അതിന്റെ തനത് രീതിയിൽ അവതരിപ്പിക്കുന്നതിലേക്കായി ടൂറിസവുമായി ചേർന്ന് ഒരു കയർ ഗ്രാമം രൂപീകരിക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. നാളികേരത്തിന്റെ ഉപോല്പന്നമായ തൊണ്ടിൽ നിന്നും ചകിരി വേർപെടുത്തുന്നതു മുതൽ ആകർഷകങ്ങളായ വിവിധയിനം കയറും കയറുല്പന്നങ്ങളും നിർമ്മിക്കുന്നതിലേക്കായി |

| | |
|---|---|
| | **മനുഷ്യനിർമ്മിതവും യന്ത്രനിർമ്മിത**വുമായ **ഒട്ടനവധി പ്രക്രിയകൾ** ആവശ്യമായിട്ടുണ്ട്. ഈ പ്രക്രിയകൾ സഞ്ചാരികൾക്കായി ഈ ഗ്രാമത്തിൽ സജ്ജീകരിക്കുന്നതോടൊപ്പം കയറുല്പന്നങ്ങളുടെ വിപണനവും ഇതിലൂടെ ലക്ഷ്യമിടുന്നു. |
| (സി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി)ഇല്ല. വിശദമായ പദ്ധതി സമർപ്പിച്ചിട്ടില്ല |
| (ഡി) പദ്ധതിയിൽ കയർ വ്യവസായത്തിന്റെ വൈവിദ്ധ്യ വൽക്കരണത്തിനും ഗവേഷണ ത്തിനും വേണ്ടത്ര പ്രാമുഖ്യം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി)വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഈ വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ